**കേരള സർക്കാർ**

**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.751 23.07.2012-ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാർ നേരിട്ട് ശേഖരിക്കുന്ന നികുതികളിലെ സംസ്ഥാന സർക്കാരിന്റെ വിഹിതം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജെയിംസ് മാത്യു<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. ബി.ഡി. ദേവസ്സി.** | **ശ്രീ.കെ.എം.മാണി<br>ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി** |
| (എ) കേന്ദ്ര സർക്കാർ നേരിട്ട് ശേഖരിക്കുന്ന നികുതികളിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം വർദ്ധിപ്പിച്ചു കിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | (എ) കേന്ദ്ര സർക്കാർ നേരിട്ട് ശേഖരിക്കുന്ന നികുതികളിൽ സംസ്ഥാന സർക്കാരുകൾക്കുള്ള വിഹിതം തീരുമാനിക്കുന്നത് കാലാകാലങ്ങളിൽ രൂപീകരിക്കപ്പെടുന്ന ധനകാര്യ കമ്മീഷനുകളുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ്. നിലവിൽ 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിലുള്ള നികുതി വിഹിതമാണ് സംസ്ഥാനങ്ങൾക്ക് ലഭിച്ചു വരുന്നത്. ഈ ശുപാർശകൾ 2010-2015 കാലയളവ് മുഴുവനും പ്രാബല്യത്തിലായിരിക്കും. 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര നികുതികളിൽ സംസ്ഥാനങ്ങളുടെ വിഹിതം 32 ശതമാനമാണ്. 14-ാം ധനകാര്യ കമ്മീഷന്റെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങൾ കേന്ദ്ര സർക്കാർ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര നികുതി വിഹിതം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങൾ പ്രസ്തുത കമ്മീഷനു മുന്നിൽ യഥാസമയം സമർപ്പിക്കുന്നതാണ്. |
| (ബി) ഇപ്പോൾ ഏതെല്ലാം നികുതികളുടെ എത്ര | (ബി) 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ നികുതി, ആദായ |

| | |
|---|---|
| ശതമാനം വീതമാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | നികുതി, സമ്പത്ത് നികുതി, ചുങ്കം, കേന്ദ്ര എക്സൈസ് തീരുവകൾ, ക്രയവസ്തുക്കളെയും, സേവനങ്ങളെയും സംബന്ധിച്ച മറ്റു നികുതികളും തീരുവകളും എന്നിവയിൽ സംസ്ഥാനങ്ങൾക്കായി വകയിരുത്തിയ വിഹിതത്തിന്റെ 2.341 ശതമാനവും സേവന നികുതിയുടെ 2.378 ശതമാനവുമാണ് ഇപ്പോൾ കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. |
| (സി) സംസ്ഥാന വിഹിതം എത്ര ശതമാനം വർദ്ധിപ്പിച്ചു കിട്ടുന്നതിനു വേണ്ടിയാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുന്നത്; ആവശ്യം പരിഗണിക്കുകയുണ്ടായോ? | (സി) 13-ാം ധനകാര്യ കമ്മീഷന്റെ മുന്നിൽ കേന്ദ്ര സർക്കാർ നേരിട്ട് ശേഖരിക്കുന്ന നികുതികളുടെ 50% സംസ്ഥാനങ്ങൾക്കുള്ള വിഹിതമായി നൽകണമെന്ന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ, കമ്മീഷൻ സംസ്ഥാനങ്ങളുടെ വിഹിതം കേന്ദ്ര നികുതി വരുമാനത്തിന്റെ 32 ശതമാനമായി നിജപ്പെടുത്തുവാൻ ശുപാർശ ചെയ്യുകയും കേന്ദ്രസർക്കാർ ആയത് അനുവദിക്കുകയുമാണുണ്ടായത്. |

അക്കൗണ്ട്സ് ഓഫീസർ